സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ പ്രവർത്തനം

133 [2123] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരത്തുള്ള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ നോർമൽ ലാറാക്സിന്റെ ഉൽപ്പാദനം തുടങ്ങിയത് ഏതു വർഷമാണ്;

(ബി) ഫാമിംഗ് കോർപ്പറേഷനിൽ നോർമൽ ലാറാക്സിന് മൂല്യ വർദ്ധനവ് നൽകി വാണിജ്യാടിസ്ഥാനത്തിൽ സെൻട്രിഫ്യൂജ്ഡ് ലാറാക്സ് ഉൽപ്പാദിപ്പിച്ച് വിപണനം തുടങ്ങിയത് ഏതു വർഷമാണ്;

(സി) ഈ കോർപ്പറേഷന്റെ ചരിത്രത്തിൽ ഏറ്റവും ഉയർന്ന ഉൽപ്പാദനം നടന്നത് ഏതു വർഷമാണ്;

(ഡി) ഈ കോർപ്പറേഷന് അന്താരാഷ്ട്ര ഗുണനിലവാരത്തിനുള്ള അംഗീകാരം ലഭിച്ചത് ഏതു വർഷമാണ്?

ഉത്തരം

(എ) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ നോർമൽ ലാറാക്സിന്റെ ഉൽപ്പാദനം 1989-ൽ ആരംഭിച്ചു.

(ബി) 1997-98-ൽ.

(സി) 2000-2001-ൽ.

(ഡി) അന്താരാഷ്ട്ര ഗുണനിലവാരത്തിനുള്ള ഐ. എസ്. ഒ. അംഗീകാരം 2001-ൽ ലഭിച്ചു.

പടന്നക്കാട് കാർഷിക കോളേജിലെ ഹൗസിംഗ് യൂണിറ്റുകളുടെ നിർമ്മാണം

134 [2124] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പടന്നക്കാട് കാർഷിക കോളേജിലെ ഹൗസിംഗ് യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി 2002-2003, 2003-2004, 2004-2005 വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും പ്രസ്തുത തുക ഉപയോഗിച്ച് എത്ര യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കാൻ എത്ര തുക ആവശ്യമായി വരുമെന്നും അറിയിക്കാമോ?

ഉത്തരം

പടന്നക്കാട് കാർഷിക കോളേജിലെ ഹൗസിംഗ് യൂണിറ്റുകളുടെ നിർമ്മാണത്തിനു മാത്രമായി സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ പദ്ധതിയിനത്തിൽ സർക്കാർ അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡിൽ ഉൾപ്പെടുത്തി പടന്നക്കാട് കാർഷിക കോളേജിലെ ടൈപ്പ് III ക്വാർട്ടേഴ്സുകളുടെ (ഫ്ളാറ്റ്) 12 എണ്ണത്തിന്റെ നിർമ്മാണം തുടങ്ങി. ഇതിന്റെ 40% പണി പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 50 ലക്ഷം രൂപ വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly